**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.175

**02-03-2020 - ൽ മറുപടിയ്ക്ക്**

**കാട്ടുതീ നേരിടുന്നതിന് അഗ്നി സുരക്ഷാ സേനക്ക് നിലവിലുള്ള സംവിധാനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) സംസ്ഥാനത്ത് കാട്ടുതീ മൂലമുള്ള മരണങ്ങളും കനത്ത നാശനഷ്ടങ്ങളും ഉണ്ടാകുന്ന കാര്യം സർക്കാർ ഗൗരവതരമായി പരിഗണിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) കാട്ടുതീ നേരിടുന്നതിന് സംസ്ഥാന അഗ്നി സുരക്ഷാ സേനക്ക് നിലവിലുള്ള സംവിധാനം എന്താണ്; അത് ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; | ബി) കാട്ടുതീ ഗതാഗതയോഗ്യമുള്ള സ്ഥലത്താണുണ്ടാകുന്നതെങ്കിൽ വാട്ടർ ടെണ്ടറുകൾ ഉപയോഗിച്ചും ചെറിയ വഴികളിലൂടെ പോകേണ്ടതാണെങ്കിൽ മിനി വാട്ടർ മിസ്റ്റ് ഉപയോഗിച്ചും ഗതാഗതയോഗ്യമല്ലെങ്കിൽ ഫയർ ബീറ്ററുകൾ, പോർട്ടബിൾ വാട്ടർ മിസ്റ്റുകൾ എന്നിവ ഉപയോഗിച്ചുമാണ് തീ കെടുത്തുന്നത്. ചില അവസരങ്ങളിൽ ചെക്ക് ഡാമുകളിലെ വെള്ളവും ഉപയോഗിച്ച് കാട്ടുതീ നേരിടുന്നുണ്ട്. മേൽപ്പറഞ്ഞവയാണ് കാട്ടുതീ അണയ്ക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗങ്ങൾ. |
| സി) വനമേഖലയോട് ചേർന്ന് കിടക്കുന്ന ഫയർ സ്റ്റേഷനുകളിൽ കാട്ടുതീ തടയുന്നതിന് ആവശ്യമായ എന്തൊക്കെ കൂടുതൽ സൗകര്യങ്ങളാണ് വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളത്; അത് അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | സി) വനമേഖലയോട് ചേർന്ന് കിടക്കുന്ന ഫയർ സ്റ്റേഷനുകളിൽ ഇടുങ്ങിയ വഴികളുള്ള വനമേഖലകളിൽ എത്തിച്ചേരുന്നതിന് അനുയോജ്യമായ മിനി വാട്ടർമിസ്റ്റ് ടെണ്ടറുകൾ 60 എണ്ണം വകുപ്പ് ലഭ്യമാക്കി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 50 ബുള്ളറ്റ് വാട്ടർ മിസ്റ്റുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഡി) | വടക്കാഞ്ചേരി കൊറ്റമ്പത്തൂരിൽ ഏക്കർ കണക്കിന് വനം കത്തിനശിക്കുകയും മൂന്ന് വനം വകുപ്പ് ജീവനക്കാർ വെന്ത് മരിക്കുകയും ചെയ്ത സംഭവം ഉണ്ടായത് വടക്കാഞ്ചേരി ഫയർ സ്റ്റേഷനിൽ ഇടവഴികളിലൂടെ സഞ്ചരിക്കുന്നതിന് ആവശ്യമായ വാഹനം ഇല്ലാതിരുന്നത് കൊണ്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | ഡി) | ഇടവഴികളിലൂടെ പോകാൻ കഴിയുന്ന മിനി വാട്ടർ മിസ്റ്റ് വടക്കാഞ്ചേരി നിലയത്തിൽ ലഭ്യമല്ലെങ്കിലും സംഭവ സമയത്ത് തൊട്ടടുത്ത ഷൊർണ്ണൂർ നിലയത്തിൽ നിന്ന് മിനി വാട്ടർ മിസ്റ്റ് വടക്കാഞ്ചേരി സ്റ്റേഷനിൽ ലഭ്യമാക്കിയിരുന്നു. വനത്തിന്റെ മുകൾ ഭാഗത്തേയ്ക്ക് അഗ്നിരക്ഷാ വാഹനങ്ങൾ എത്തിക്കുക എന്നത് പ്രായോഗികമല്ല. |
| ഇ) | എങ്കിൽ വനമേഖലയോട് ചേർന്ന് കിടക്കുന്ന ഫയർ സ്റ്റേഷനുകളിൽ കാട്ടുതീ നിയന്ത്രിക്കുവാൻ ആവശ്യമായ ആധുനിക ഉപകരണങ്ങൾ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | ഇ) | കാട്ടുതീ അണയ്ക്കുന്നതിനുള്ള ഫയർ ബീറ്ററുകൾ, പോർട്ടബിൾ വാട്ടർ മിസ്റ്റുകൾ തുടങ്ങിയവ ലഭ്യമാക്കുന്നകാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ